പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 248 **29-10-2026-ൽ മറുപടിയ്ക്ക്**

തെയ്യം കോലധാരികൾ നേരിടുന്ന പ്രതിസന്ധികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ	ശ്രീ. പി. സി. വിഷ്ണുനാഥ് (വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

(എ) മലബാർ മേഖലയിലെ പാരമ്പര്യ അനുഷ്ഠാന കലയായ തെയ്യവുമായി ബന്ധപ്പെട്ട് കോലധാരികൾ നിലവിൽ നേരിടുന്ന സുരക്ഷാപരമായ ഭീഷണികളും സാമ്പത്തിക പ്രതിസന്ധികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർഷം മുഴുവൻ തെയ്യക്കോലങ്ങൾ കെട്ടിയാടുന്നില്ലാത്തതിനാലും സ്ഥിരമായ പ്രതിമാസ വരുമാനം ലഭ്യമാകാത്തതിനാലും ടി കലാകാരൻമാർ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്.

(ബി) അഗ്നിപ്രവേശനം, കനലാട്ടം ഉൾപ്പെടെ അതീവ അപകടസാധ്യതയുള്ള അനുഷ്ഠാനങ്ങൾ നടത്തുന്ന കോലധാരികൾക്ക് നിലവിൽ പ്രത്യേക സുരക്ഷ/ഇൻഷുറൻസ് പരിരക്ഷയോ അടിയന്തര വൈദ്യസഹായ സംവിധാനങ്ങളോ നിലവിലില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കായി പ്രത്യേക സുരക്ഷാ ബോർഡോ ഇൻഷുറൻസ് പദ്ധതിയോ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

മറുപടി: തെയ്യം കോലധാരികൾക്ക് നിലവിൽ പ്രത്യേക സുരക്ഷ/ഇൻഷുറൻസ് പരിരക്ഷകൾ ഏർപ്പെടുത്തിയിട്ടില്ല. അശരണരും രോഗബാധിതരുമായ കലാകാരന്മാർക്കും (തെയ്യക്കോലം കെട്ടുന്ന കലാകാരന്മാർ ഉൾപ്പടെയുള്ളവർ) സാഹിത്യകാരന്മാർക്കും അടിയന്തിര ചികിത്സ ധനസഹായമായി സാംസ്കാരിക വകുപ്പിൽ നിന്നും പരമാവധി 1,00,000/- രൂപയും ഫോക് ലോർ അക്കാദമിയിൽ നിന്നും പരമാവധി 25,000/- രൂപയും നൽകി വരുന്നു.

കൂടാതെ, കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധിയിൽ അംഗത്വമെടുത്ത് തുടർച്ചയായി മൂന്ന് വർഷം അംശദായം അടച്ച, 'ചിസ്' ആരോഗ്യ സുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗത്തിനും കുടുംബാംഗങ്ങൾക്കും ക്ഷേമനിധിയുടെ ആകൃതിൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്ന ചികിത്സാ സഹായത്തിന് തെയ്യം കലാകാരന്മാർക്കും അർഹതയുണ്ട്. ഈ പദ്ധതി പ്രകാരം മാരകരോഗങ്ങൾക്ക് 2 ലക്ഷം രൂപവരെ ചികിത്സാ സഹായത്തിന് വ്യവസ്ഥയുണ്ട്. ഇവർക്കായി പ്രത്യേക സുരക്ഷാ ബോർഡോ ഇൻഷുറൻസ് പദ്ധതിയോ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) തെയ്യം കോലധാരികൾക്ക് നിലവിൽ ക്ഷേമനിധി ബോർഡ് വഴി ലഭിക്കുന്ന പെൻഷൻ തുക വളരെ തുച്ഛമാണെന്ന പരാതി പരിഗണിച്ച് അവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി

സ്വീകരിക്കുമോ; ആയതിനായി നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> സാംസ്കാരിക വകുപ്പ് മുഖേന കലാകാര പെൻഷൻ അനുവദിച്ചു വരുന്നുണ്ട്. സാമ്പത്തിക പ്രയാസം നേരിടുന്ന കലാകാരന്മാർക്കും സാഹിത്യ കാരന്മാർക്കും പ്രതിമാസ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി പ്രകാരം, 60 വയസ്സ് കഴിഞ്ഞ തെയ്യക്കോലം കെട്ടുന്ന കലാകാരന്മാർ ഉൾപ്പെടെയുള്ളവർക്ക് ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2000/- രൂപ പെൻഷൻ അനുവദിച്ചു വരുന്നു.

ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത പെൻഷന് യോഗ്യരായ കലാകാരൻമാർക്ക് നിലവിൽ 5000/- രൂപ പെൻഷൻ നൽകുന്നുമുണ്ട്.

(ഡി) കോലധാരികൾക്ക് കാവുകൾ, ക്ഷേത്രക്കമ്മിറ്റികൾ എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രതിഫലം വളരെ കുറവാണെന്നതും, തെയ്യക്കാവുകളിലോ പ്രാദേശിക തലത്തിലോ ആവശ്യമായ സംരക്ഷണം ലഭിക്കുന്നില്ലെന്നതും കണക്കിലെടുത്ത് അവർക്ക് മാന്യമായ പ്രതിഫലവും ആവശ്യമായ സാമൂഹിക സംരക്ഷണവും ഉറപ്പാക്കാൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>മറുപടി:</u> തെയ്യക്കാവുകളിൽ കോലധാരികൾക്ക് പ്രതിഫലം ഏകീകരിക്കുന്നതിനും മെച്ചപ്പെട്ട പ്രതിഫലം എർപ്പെടുത്തുന്നതിനും കേരള ഫോക് ലോർ അക്കാദമി മുഖേന നടപടി സ്വീകരിക്കുന്നതാണ്.

കൂടാതെ, മലബാർ മേഖലയിൽ ഉൾപ്പെടുന്ന തെയ്യം കോലം കെട്ടുന്ന കലാകാരന്മാർക്ക് പ്രതിമാസം നിശ്ചിത പ്രതിഫലം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് പുതിയ പദ്ധതി ആവിഷ്കരിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ